107 (1213) കോൺട്രാക്ട് അടിസ്ഥാനത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ തൊഴിലാളികളെക്കൊണ്ട് തുച്ഛമായ വേതനം നൽകി പണി എടുപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിർത്തലാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിരം സ്വഭാവമുള്ള ജോലി കുറഞ്ഞകൂലി കൊടുത്ത് കാഷ്വൽ തൊഴിലാളികളെവച്ച് എടുപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ സ്ഥിരപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിവിധ മേഖലകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതന നിയമം അനുശാസിക്കുന്ന കുറഞ്ഞകൂലി നൽകാത്തത് സംബന്ധിച്ച പരാതികൾ ലഭിക്കാറുണ്ട്.

(ബി) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്യുകയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) കാഷ്വൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നില്ല എന്ന പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം അവസരത്തിൽ മിനിമം വേതനം നേടിക്കൊടുക്കുവാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ സ്ഥാപന പരിശോധനയിലൂടെ നടപടികളെടുത്തു വരുന്നുണ്ട്. തുടർന്നും, ലംഘനം നടത്തുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള സുപ്രീംകോടതി വിധിയെക്കുറിച്ചുള്ള വിവരമൊന്നും തൊഴിൽ വകുപ്പിനു ലഭിച്ചിട്ടില്ല.

108 (1215) ക്യാന്റീൻ തൊഴിലാളികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വിവിധ ക്യാന്റീനുകളിൽ തൊഴിലിലേർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്;

(ബി) ഈ വിഭാഗം ജീവനക്കാർക്ക് ക്ഷേമനിധി നിലവിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ക്യാന്റീനുകളിൽ തൊഴിലിലേർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് മിനിമം വേതന നിയമപ്രകാരവും, ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരവും ലഭിക്കേണ്ടതായ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ഇതിനുപുറമേ ദേശീയ ഉത്സവ അവധി, ഗ്രാറ്റുവിറ്റി ബോണസ് അവധി എന്നിവയും ഇരുപതോ, അതിൽകൂടുതലോ, തൊഴിലാളികൾ ഉള്ള വ്യവസായ കച്ചവടസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടുള്ള ഇ.എസ്.ഐ. എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയും ലഭിക്കുന്നു.

(ബി) ഇല്ല. നിലവിലുള്ള തൊഴിലാളിക്ഷേമനിധിയിൽ (ലേബർ വെൽഫെയർ ഫണ്ട്) ഇവർക്ക് അംഗങ്ങൾ ആകാവുന്നതും, അതിന്റെ ആനുകൂല്യങ്ങൾക്ക് അർഹത നേടാവുന്നതുമാണ്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ഇതു നിലവിൽവരുമ്പോൾ ക്യാന്റീൻ തൊഴിലാളികളും പ്രത്യേകമായി ഉൾപ്പെടുന്നതാണ്.

109 (1216) തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷ്വറൻസ്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.എസ്.ഐ. ആശുപത്രികൾ പ്രവർത്തിക്കുന്നു;

(ബി) തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് ഇവയുടെ പ്രവർത്തനം ഫലപ്രദമാണോ എന്ന് സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13 എണ്ണം.

(ബി) ഉണ്ട്.

(സി) ഇ.എസ്.ഐ. ആശുപത്രികളിൽ ഇപ്പോഴുള്ള സൗകര്യം തൊഴിലാളികൾക്കു പൂർണ്ണ 'ഹെൽത്ത് ഇൻഷ്വറൻസ്' നൽകാൻ പര്യാപ്തമല്ല. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടെ കുറവ് പരിഹരിക്കുക, ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുക, വിദഗ്ദ്ധ ചികിത്സയ്ക്ക് കൊല്ലത്ത് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുക എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഇ.എസ്.ഐ. ആശുപത്രികളിൽ നിലവിലില്ലാത്ത ചികിത്സാ സൗകര്യങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾവഴി തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly